(ബി) ഇക്കാര്യം ഏതെങ്കിലും കമ്മീഷനോ മറ്റ് അന്വേഷണ ഏജൻസികളോ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻപ്രകാരം ലിസ്റ്റ് തയ്യാറാക്കിയിരുന്നോ; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) നിലവിൽ ഓരോ സ്ഥാപനത്തിലും എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും അതിൽ ഓരോസ്ഥാപനത്തിലും ഓരോ സംവരണ വിഭാഗത്തിലും സംവരണ നിയമന പ്രകാരം നിയമനം ലഭിച്ച് ജോലി നോക്കുന്നവർ എത്ര വീതം ഏതേതു തസ്തികകളിൽ ജോലി നോക്കുന്നു എന്നു വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ജാതി തിരിച്ച് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ജസ്റ്റീസ് കെ.കെ. നരേന്ദ്രൻ കമ്മീഷൻ ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാ വകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചുവരികയാണ്. ഈ വിവരം ലഭ്യമാക്കുന്നതാണ്.

## ക്രീമിലെയർ സർട്ടിഫിക്കറ്റ്

12 (749) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. എ.സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സിയുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരോട് ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ പി.എസ്.സി. ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ് എന്നു വെളിപ്പെടുത്തുമോ;

(ബി) ക്രീമിലെയർ സർട്ടിഫിക്കറ്റ് പ്രകാരം ജോസഫ് കമ്മിഷൻ നിർദ്ദേശിച്ച വരുമാന പരിധിയിൽപ്പെട്ട പിന്നോക്കക്കാരുടെ എണ്ണം കുറവാണെങ്കിൽ പ്രസ്തുത തസ്തികയിൽ നിന്നും നിയമനം നടത്തുമ്പോൾ ഈ കുറവ് എങ്ങനെ നികത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശവും പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഇല്ല

(ബി) കമ്മിഷൻ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ മെയിൻലിസ്റ്റിന് അനുബന്ധമായി പിന്നോക്ക സമുദായക്കാർക്കായി വെവ്വേറെ സപ്ലിമെന്ററി ലിസ്റ്റുകളും പ്രസിദ്ധീകരിക്കാറുള്ളതിനാൽ പിന്നോക്ക സമുദായക്കാരുടെ കുറവ് വരുന്ന സാഹചര്യം ഉണ്ടാകാറില്ല.

(സി) പിന്നോക്കക്കാർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടായാൽ അത് പരിഹരിക്കാൻ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly